©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ഫെബ്രുവരി 6<br>6th February 2018<br>1193 മകരം 23<br>23rd Makaram 1193<br>1939 മാഘം 17<br>17th Magha 1939 | നമ്പർ<br>No. | 6 |

# PART III
# Commissionerate of Land Revenue

Gaz. No. 6/2018/DTP (CLR).

## Mavelikkara Taluk

ട്രാൻസ്ഫർ ഓഫ് രജിസ്ട്രി റൂൾസ് 1966-റൂൾ 27 (ii) പ്രകാരം പരസ്യപ്പെടുത്തുന്നത്.

നമ്പർ എ5-7485/2017. 2017 ഡിസംബർ 19.

മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 11-ൽ റീസർവ്വെ 240/15-4-ൽ 02.02 ആർസ് വസ്തു, മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ മറ്റം തെക്കും മുറിയിൽ, തട്ടാരമ്പലം പി. ഒ.-ൽ അച്ചുതമംഗലത്തു വീട്ടിൽ ഗോമതിപിള്ള, ടിയാളുടെ മകൻ ഉണ്ണികൃഷ്ണപിള്ളയ്ക്ക് മാവേലിക്കര സബ് രജിസ്ട്രാർ ഓഫീസിലെ 1998-ൽ 1168-ാം നമ്പർ ഭാഗ ഉടമ്പടിയിൽ മൂന്നാം നമ്പർ പട്ടികയായി തിരിച്ച്, ഓഹരി കൊടുത്തിട്ടുള്ളതാകുന്നു. ടിയാൻ അവിവാഹിതനായി കഴിഞ്ഞു വരവേ 36 വർഷങ്ങൾക്കുമുമ്പ് നാടുവിട്ടു പോയിട്ടുള്ളതും, ടിയാനെ കുറിച്ച് ബന്ധുമിത്രാദികൾക്കും, നാട്ടുകാർക്കും യാതൊരു വിവരവും നാളിതുവരെ ഇല്ലാത്തതു മാണ്. ടി സാഹചര്യത്തിൽ ടി ഉണ്ണികൃഷ്ണപിള്ള മരിച്ചു പോയതാണെന്ന് കണക്കാക്കി ടിയാന്റെ ഏക പിൻതുടർച്ചാ വകാശിയും മാതാവുമായ ടി ഗോമതിപിള്ളയ്ക്ക് ടി വസ്തുവിൽ അവകാശം അടങ്ങിയതിനെതുടർന്ന് ടിയാൾ ടി വസ്തുവിനെ സംബന്ധിച്ച് ടിയാളുടെ മകളായ കണ്ണമംഗലം വില്ലേജിൽ മറ്റം തെക്കുംമുറിയിൽ തട്ടാരമ്പലം പി. ഒ. യിൽ അച്ചുതമംഗലത്തു വീട്ടിൽ ലതാസജീന്ദ്രൻ പേർക്ക് മാവേലിക്കര സബ് രജിസ്ട്രാർ ഓഫീസിലെ 831/2014 (1)-ാം നമ്പർ ധനനിശ്ചയാധാരപ്രകാരം അവകാശം നൽകിയിട്ടുള്ളതാകുന്നു. ടി വസ്തു ടി ലതാ സജീന്ദ്രൻ പേർക്ക് പോക്കുവരവു ചെയ്തു കിട്ടുന്നതിനായി മാവേലിക്കര താലൂക്ക് തഹശീൽദാർ (ഭൂരേഖ) മുമ്പാകെ അപേക്ഷ നൽകിയിട്ടുള്ളതാകുന്നു. ആയതിൻമേൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യ തീയതി മുതൽ 90 ദിവസത്തിനകം ആയതിനെ സംബന്ധിച്ച് മാവേലിക്കര തഹശീൽദാർ (ഭൂരേഖ), താലൂക്കാഫീസ്, മാവേലിക്കര പി. ഒ.-690 101 മുമ്പാകെ രേഖാമൂലം ആക്ഷേപം ബോധിപ്പിക്കേണ്ടതും നിശ്ചിത തീയതിയ്ക്കുള്ളിൽ ബന്ധപ്പെട്ട സിവിൽ കോടതിയിൽ സ്യൂട്ട് ഫയൽ ചെയ്ത് ആയതിന്റെ സ്ഥിരീകരണ ഉത്തരവ് ഹാജരാക്കേണ്ടതുമാകുന്നു. അല്ലാത്ത പക്ഷം ആർക്കും ആക്ഷേപമില്ലെന്നുകണ്ട് ടി ലതാസജീന്ദ്രൻ പേർക്ക് ടി വസ്തുപേരിൽ കൂട്ടി പട്ടയം പിടിക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം സർവ്വമാനപേരേയും, ഇതിനാൽ അറിയിക്കുന്നു.

താലൂക്കാഫീസ്, (ഒപ്പ്)
മാവേലിക്കര. തഹശീൽദാർ (ഭൂരേഖ).

## മാവേലിക്കര തഹശീൽദാരുടെ നടപടിക്രമം

(ഹാജർ: കൃഷ്ണകുമാർ, എസ്.)

നമ്പർ എ 1-5/2017. 2017 ഡിസംബർ 22.

വിഷയം :—വിവരാവകാശ നിയമം 2005- സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നിവരെ സ്ഥാനനിർദ്ദേശം ചെയ്ത് ഉത്തരവ് പറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) 30-12-2006-ലെ 77000/CDN5/06/പൊ.ഭ.വ. നമ്പർ സർക്കുലർ.

(2) വിവരാവകാശ നിയമം 2005 വകുപ്പ് 5 (1).

(3) മാവേലിക്കര താലൂക്ക് ആഫീസ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ. എസ്. സന്തോഷ് കുമാർ സമർപ്പിച്ച അപേക്ഷ.

(1) മാവേലിക്കര താലൂക്കാഫീസിൽ മുൻവർഷങ്ങളിലെപ്പോലെ തന്നെ 2017-ലും 201 എണ്ണം വിവരാവകാശ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ തീർപ്പുകൽപ്പിക്കൽ, ചുമതലപ്പെടുത്തിയിട്ടുള്ള മറ്റ് ജോലികളോടൊപ്പം ഏറെ ശ്രമകരമാണെന്ന് നിലവിലുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും ഹെഡ് ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹശീൽദാരുമായ ശ്രീ. എസ്. സന്തോഷ് കുമാർ അറിയിച്ചിരിക്കുന്നു.

(2) വിവരാവകാശ നിയമ പ്രകാരം താലൂക്കാഫീസിൽ വളരെ അധികം അപേക്ഷകൾ ലഭിക്കുന്നുണ്ടെന്നും ഹെഡ് ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹശീൽദാർ എന്ന നിലയിലുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതിനോടൊപ്പം വിവിധ സീറ്റുകളുടെ മേൽനോട്ടവും വഹിക്കേണ്ടതുള്ളതുകൊണ്ടും വിവരാവകാശ അപേക്ഷകളിന്മേലുള്ള തീർപ്പാക്കൽ ശ്രമകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ മറ്റ് ജില്ലകളിലെ താലൂക്കുകളിൽ ചെയ്തിരിക്കുന്നതുപോലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലകൾ ഈ ആഫീസിലെ എല്ലാ DT/JS മാർക്കും അവരവരുടെ സെക്ഷനുകളിലെ വിഷയങ്ങളിൽ മറുപടി നൽകത്തക്കവിധം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി നിയമിച്ചുകൊണ്ടും തപാൽ സെക്ഷൻ ക്ലാർക്കിനെ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും ചുമതലപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(3) താലൂക്കാഫീസിലെ എല്ലാ DT/JS മാരും അതാത് സെക്ഷന്റെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടേയും ടി ഉദ്യോഗസ്ഥർ യഥാസമയം മറുപടി നൽകാതിരിക്കുകയോ നൽകിയ മറുപടി തൃപ്തികരമല്ലാതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ ലഭിക്കുന്ന അപ്പീലുകൾ തീർപ്പാക്കുന്നതിനുള്ള ഒന്നാം അപ്പീൽ അധികാരി തഹശീൽദാർ ആയിരിക്കും.

(4) താലൂക്കാഫീസിലെ തപാൽ സെക്ഷൻ ക്ലാർക്ക് സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരിക്കും.

(5) മേൽ വിവരിച്ച ഉദ്യോഗസ്ഥർ സ്ഥലംമാറ്റം/ഡെപ്യൂട്ടേഷൻ/വിരമിക്കൽ തുടങ്ങിയ കാരണങ്ങളാൽ ടി സ്ഥാനത്തുനിന്നും മാറുന്നപക്ഷം പകരം സ്ഥാനമേൽക്കുന്ന/ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥരിൽ ടി ചുമതലകൾ സ്വമേധയാ നിക്ഷിപ്തമായിരിക്കും.

(ഒപ്പ്)
താലൂക്കാഫീസ്, 1-ാം അപ്പീൽ അധികാരി
മാവേലിക്കര. & തഹശീൽദാർ.